# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

**Prot. No. MPL: 27/25/7**

## സർക്കുലർ

## നോമ്പുകാല സന്ദേശം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ മാതാപിതാക്കളേ സഹോദരീസഹോദരന്മാരേ വാത്സല്യമുള്ള കുഞ്ഞുമക്കളേ,

പരിശുദ്ധമായ വലിയ നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നാളെ നമ്മുടെ നെറ്റിയിൽ ചാരം പൂശിക്കൊണ്ട് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും നോമ്പ് നാം ആരംഭിക്കും. നമ്മുടെ കുട്ടികൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: എന്തിനാണ് ചാരം കൊണ്ട് ഞങ്ങളുടെ നെറ്റിയിൽ കുരിശുവരയ്ക്കുന്നത്?

വിശുദ്ധ ഗ്രന്ഥത്തിൽ പ്രധാനമായും മൂന്ന് ഉത്തരങ്ങളാണ് നല്കിയിരിക്കുന്നത്.

1. ചാരവും പൊടിയും നമ്മുടെ നശ്വരതയെ സൂചിപ്പിക്കുന്നു. ഉത്പത്തി പുസ്തകത്തിൽ ദൈവം പറയുന്നു: ''മനുഷ്യാ, നീ പൊടിയാകുന്നു. പൊടിയിലേക്ക് നീ മടങ്ങും'' (ഉത്പത്തി 3:19)
2. പശ്ചാത്താപത്തിന്റ അടയാളമായി ചാരം പൂശലിനെ വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നു. ജോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: ''പൊടിയിലും ചാരത്തിലും കിടന്ന് ഞാൻ പശ്ചാത്തപിക്കുന്നു.'' (ജോബ് 42:6)
3. നമുക്ക് വേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും തീക്ഷ്ണമായി പ്രാർത്ഥി ക്കുന്നതിന്റെ അടയാളമായി ചാരം പൂശലിനെ കാണാം ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: ''ഞാൻ ചാക്കുടുത്ത്, ചാരം പൂശി, ദൈവമായ കർത്താവിനോട് തീക്ഷ്ണമായി പ്രാർത്ഥിച്ചു.'' (ദാനിയേൽ 9:3)

ചുരുക്കത്തിൽ, ഈ ലോകത്തിലെ നമ്മുടെ നശ്വരമായ ജീവിതത്തെക്കുറിച്ച് ധ്യാനിക്കുന്നതിനും ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ ഐക്യപ്പെടുന്നതിനും, അനുതാപത്തോടെ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നതിനും ഈ വിഭൂതി ആചരണം നമ്മെ ക്ഷണിക്കുന്നു.

അനുദിന ജീവിതത്തിൽ നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും വളർച്ചയ്ക്കുമായി നാം വളരെയധികം ശ്രദ്ധ പുലർത്താറുണ്ട്. ഇഷ്ടമുള്ള ഭക്ഷണം ദിവസവും ഭക്ഷിക്കുന്നത് ഇതിന് ഉദാഹരണമാണ്. ശരീരത്തിനും മനസ്സിനും ക്ഷീണം വരുവാൻ നാം ഒരിക്കലും അനുവദിക്കാറില്ല. പക്ഷെ തിരക്കു പിടിച്ച നമ്മുടെ ജീവിതത്തിനിടയിൽ, ആത്മീയ ആരോഗ്യത്തിനും വളർച്ചയ്ക്കുമായി ശ്രദ്ധിക്കുവാൻ നാം പലപ്പോഴും മറന്നു പോകാറുണ്ട്.

ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുന്ന ഏറ്റവും നല്ല ഭക്ഷണം പ്രാർത്ഥനയും, ഉപവാസവും, ദാനധർമ്മവുമാണ്. പ്രാർത്ഥനയിലൂടെ നാം ദൈവത്തോട് സംസാരിക്കുകയും ദൈവവുമായുള്ള ബന്ധം ആഴപ്പെടുത്തുകയും ചെയ്യുമ്പോൾ ഉപവാസത്തിലൂടെ നമ്മുടെ ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുവാനും പ്രലോഭനങ്ങളെ കീഴ്പെടുത്തുവാനും നമുക്ക് കഴിയുന്നു. ഇതിന്റെ ഉത്തമ ഉദാഹരണമാണ് ഈശോയുടെ ജീവിതം. ദൈവപുത്രനായിരുന്നിട്ടും ഈശോയെ സാത്താൻ പല വിധത്തിൽ പ്രലോഭിപ്പിക്കുന്നുണ്ട്. പക്ഷെ എല്ലാ പ്രലോഭനങ്ങളെയും പാപസാഹചര്യങ്ങളെയും നേരിടുവാനുള്ള ഏറ്റവും നല്ല ആയുധം

തീക്ഷ്ണമായ പ്രാർത്ഥനയും ഉപവാസവുമാണെന്ന് മരുഭൂമിയിലെ നാല്പതു ദിവസത്തെ നോമ്പിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.

'നോമ്പ്' എന്ന മരുഭൂമിയിലേക്ക് ആത്മാവ് നമ്മെ കൂട്ടിക്കൊണ്ട് പോവുകയാണ്. 'മരുഭൂമീവാസം' എന്നത് അച്ചടക്കവും ചിട്ടയുമുള്ള ജീവിതക്രമമാണ്. അൻപത് ദിവസങ്ങൾ തുടർച്ചയായി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും, കുടുംബപ്രാർത്ഥന മുടക്കാതിരിക്കുകയും, വിശുദ്ധഗ്രന്ഥം വായിക്കുകയും ഉപവസിക്കുകയും ചെയ്യുമ്പോൾ അത്ഭുതങ്ങൾ ജീവിതത്തിലുണ്ടാകുമെന്നത് നിങ്ങളിൽ പലരും അനുഭവിച്ചതും സാക്ഷ്യപ്പെടുത്തിയതുമായ കാര്യമാണ്.

ഒരു ദിവസത്തിൽ 24 മണിക്കൂറിലെ രണ്ട് മണിക്കൂർ മാത്രം നാം മാറ്റി വച്ചാൽ ഇക്കാര്യങ്ങളെല്ലാം നമുക്ക് ചെയ്യുവാൻ സാധിക്കും. ഈ അൻപത് ദിവസം നമ്മുടെ ഭവനങ്ങളിൽ നിന്ന് മാതാപിതാക്കളിൽ ഒരാളെങ്കിലും ഇപ്രകാരം മുടങ്ങാതെ ചെയ്യുന്നുവെങ്കിൽ അതാണ് മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്ന ഏറ്റവും നല്ല വിശ്വാസപരിശീലനം(Catechism). നമ്മുടെ മാതാപിതാക്കളുടെ മാതൃകയിലൂടെ നമുക്ക് ലഭിച്ച ക്രിസ്തീയ മൂല്യങ്ങൾ ഒരിക്കൽ കൂടി കണ്ടെത്തി ജീവിതത്തോട് ചേർത്തുപിടിക്കാനുള്ള ഒരു സമയമാണ് ഈ നോമ്പുകാലം.

നമ്മുടെ രാപ്പകലില്ലാത്ത അധ്വാനവും കഷ്ടപ്പാടും നമ്മുടെ കുഞ്ഞുങ്ങളുടെയും കുടുംബത്തിന്റെയും ഭൗതീകമായ സുസ്ഥിതിക്ക് വേണ്ടിയാണല്ലോ. കുടുംബത്തിന്റെ ആത്മീയ ഉന്നമനത്തിനും അനുഗ്രഹത്തിനുമായി അല്പസമയം മാറ്റിവയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇനിയും അല്പംകൂടി മെച്ചപ്പെടുത്തണമെന്നുള്ള മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കാനുള്ള അവസരം കൂടിയാണ് ഈ നോമ്പുകാലം.

കഴിഞ്ഞ വർഷത്തെ നോമ്പുകാലത്ത് രൂപതയിലെ വൈദികാർത്ഥികൾക്കും യുവതീയുവാക്കൾക്കും രൂപതയുടെ മറ്റു പ്രവർത്തനങ്ങൾക്കുമായി നമ്മൾ നടത്തിയ ബിഷപ്സ് അപ്പീലിൽ നിങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്തു. നമ്മുടെ സെമിനാരി വിദ്യാർത്ഥികളുടെ ചെലവിനും മറ്റുമായി കഴിഞ്ഞവർഷം നിങ്ങൾ നൽകിയത് $176,660.43 ഡോളറാണ്! രൂപതാ കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ നിങ്ങൾ നൽകിയിട്ടുള്ള എല്ലാ സഹായത്തിനും ദൈവനാമത്തിൽ ഞാൻ നന്ദി പറയുന്നു.

ഈ വർഷത്തെ ബിഷപ്സ് അപ്പീലിൽ നമ്മുടെ സെമിനാരി വിദ്യാർത്ഥികളുടെ ഫോട്ടോയും പേരും അവർ പഠിക്കുന്ന കോഴ്സുകളെകുറിച്ചുള്ള കാര്യങ്ങളും അടങ്ങിയ ഒരു ലഘുരേഖ നിങ്ങളുടെ എല്ലാവരുടേയും ഭവനങ്ങളിൽ എത്തിക്കുന്നതാണ്. അവർ നമ്മുടെ കുടുംബങ്ങളിലെ അംഗങ്ങളായി മാറണം. അതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും അവരുടെ പഠനാവശ്യത്തിനായി സഹായിക്കുകയും ചെയ്യുന്നത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഈ വർഷത്തെ അപ്പീലിൽ നിങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമെന്ന് ഞാൻ ഉറച്ച്വിശ്വസിക്കുന്നു.

ഓസ്ട്രേലിയയിലും ന്യൂസിലൻഡിലും ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സഭയാണ് നമ്മുടേത്. നമ്മുടെ ആരാധനയും വിശ്വാസപരിശീലനവും അനുബന്ധ പ്രവർത്തനങ്ങളും ഈ രാജ്യങ്ങളിലെ മറ്റു സഭാംഗങ്ങൾ വളരെ ആദരവോടെയും ബഹുമാനത്തോടെയുമാണ് കാണുന്നത്. ലാറ്റിൻ സഭയുടെ നിർലോഭമായ സഹകരണവും സഹായവും നമുക്ക് ഒരിക്കലും വിസ്മരിക്കാനാവുന്നതല്ല. നമ്മുടെ ഓരോ സമൂഹവും ഒരുപാട് ഇല്ലായ്മകളിലൂടെയാണ് കടന്നുപോകുന്നത്. പക്ഷെ ഈ പ്രതികൂല സാഹചര്യങ്ങളും ഇല്ലായ്മകളും തിരിച്ചറിഞ്ഞ് നമ്മുടെ പൈതൃകവും വിശ്വാസജീവിതവും പാരമ്പര്യങ്ങളും സംരക്ഷിക്കുകയും ജീവിത്തിൽ അനുഷ്ഠിക്കുകയും ചെയ്യുന്ന നിങ്ങളെ ഞാൻ ആത്മാത്ഥമായി അഭിനന്ദിക്കുന്നു.

അറുപത്തിമൂന്നോളം വരുന്ന ചെറുതും വലുതുമായ നമ്മുടെ സമൂഹങ്ങൾക്ക് സ്വന്തമെന്ന് പറയുവാൻ 6 ദൈവാലയങ്ങൾ മാത്രമാണുള്ളത്. വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സഭയുടെ ആവശ്യങ്ങളും പരിമിതികളും അറിഞ്ഞ ഓസ്ട്രേലിയയിലെ പള്ളോട്ടൈൻ സഭ അവരുടെ മെൽബണിലെ 200 ഏക്കർ സ്ഥലവും 200 പേർക്ക് താമസിക്കാൻ പറ്റുന്നതുമായ ഒരു വലിയ കെട്ടിടവും നമ്മുടെ സഭയ്ക്ക് ചെറിയ തുകയ്ക്ക് കൈമാറുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ വൈദികരുടെയും മറ്റും താമസിച്ചുള്ള ധ്യാനങ്ങൾ പതിവായി ഈ സ്ഥാപനത്തിലാണ് നടത്തിപ്പോരുന്നത്. ഓപ്പൺ മാർക്കറ്റിൽ വിലയേറിയ ഈ സ്ഥാപനവും സ്ഥലവും നാലു മില്ല്യൻ ഡോളറിന് നല്കുവാൻ അവർ തയ്യാറാണ്. ഇത്രയും കുറഞ്ഞ തുകയ്ക്ക് നമ്മെ ഏല്പ്പിക്കുവാൻ കാരണം പള്ളോട്ടൈൻ സഭ ഈ സ്ഥാപനത്തിലൂടെ നടത്തിപ്പോന്നിരുന്ന Catholic Mission തുടർന്നു കൊണ്ടുപോകുന്നതിനാണ്.

എല്ലാ വർഷവും വൈദികർക്കും, മുതിർന്നവർക്കും, യുവതീയുവാക്കൾക്കും കുട്ടികൾക്കും വേണ്ടി, താമസിച്ചുള്ള ധ്യാനങ്ങൾക്കും സെമിനാറുകൾക്കുമായി ലക്ഷക്കണക്കിന് ഡോളറാണ് നാം ചെലവഴിച്ചു പോരുന്നത്. ആയതിനാൽ ഈ സെന്റർ നമ്മുടെ രൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കും, പ്രത്യേകിച്ച് നമ്മുടെ താമസിച്ചുള്ള ധ്യാനങ്ങൾക്കും സെമിനാറുകൾക്കും, കുട്ടികൾക്കും യുവജനങ്ങൾക്കുമായി, വർഷത്തിൽ പലതവണ നടത്തുന്ന റസിഡൻഷ്യൽ പ്രോഗ്രാമിനും, നമ്മുടെ കുട്ടികളുടെ അവധിക്കാല പ്രോഗ്രാമിനും, വാർഷികമായി നമ്മൾ നടത്തുവാൻ ഉദ്ദേശിക്കുന്ന മരിയൻ പിലിഗ്രിമേജിനും സമാന പ്രോഗ്രാമുകൾക്കും ആവശ്യമാണ്.

നമ്മുടെ വരുന്ന തലമുറയ്ക്കായി കരുതിവയ്ക്കുന്ന ഒരു വലിയ നിക്ഷേപമായിരിക്കും ഈ സ്ഥാപനം എന്നതിൽ സംശയമില്ല. ഇത് എന്റെ വ്യക്തിപരമായ പദ്ധതിയല്ല മറിച്ച് രൂപത മുഴുവനുമുള്ള നമ്മുടെ പ്രതിനിധികളുടെ സ്വപ്നവും ആഗ്രഹവുമാണ്. രൂപതയ്ക്കായി നാം സ്വപ്നം കാണുന്ന ഈ പദ്ധതി നമ്മുടെ ഓരോരുത്തരുടെയുമായിരിക്കണം. ഒരുതരത്തിലുമുള്ള നിർബന്ധപിരിവുകൾ ഇതിനുവേണ്ടി ഉണ്ടായിരിക്കുന്നതല്ല. മറിച്ച് ഇത് ദൈവഹിതമാണെന്ന് മാത്രം തിരിച്ചറിയുന്നവർ സംഭാവനയിലൂടെയോ പലിശരഹിത ലോണുകൾ നൽകിയോ ഡിപ്പോസിറ്റുകൾ നൽകിയോ ഈ ദൈവിക പദ്ധതിയിൽ പങ്കുകാരാകുവാൻ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ സാമ്പത്തികമായി സഹായിക്കുവാൻ സാധിക്കാത്തവർ ദയവായി ഈ പദ്ധതിയുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

ഒരിക്കൽ കൂടി ജീവിത നവീകരണത്തിനായി ദൈവം നമുക്ക് നൽകിയിരിക്കുന്ന ഈ നോമ്പുകാലം ഫലദായകമായിത്തീരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ എല്ലാവരേയും ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം
മെൽബൺ, 27.02.2025

NB: ഈ സർക്കുലർ 2025 മാർച്ച് 2 ഞായറാഴ്ച മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്